# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം; 3622 — 19.02.2013 ലെ മറുപടിക്ക്

### കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി(ബഹു: മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയ ഉത്തരവുകൾ ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 232 ഗവൺമെന്റ് ഉത്തരവുകളിലായി 6125 അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ധനസഹായം അനുവദിച്ച മുഴുവൻ ഉത്തരവുകളും ലഭ്യമാക്കുന്നത് പ്രായോഗികമല്ല. |
| (ബി) സർക്കാർ ഉത്തരവായി മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ധനസഹായതുക ലഭിക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) ഫണ്ടിന്റെ അപര്യാപ്തത കാരണം ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിരുന്നു. ഇപ്പോൾ ആവശ്യത്തിന് ഫണ്ട് ലഭിച്ചതിനാൽ ധനസഹായ വിതരണം നടക്കുന്നുണ്ട്. |
| (സി) കണ്ണൂർ ജില്ലയിൽ ഉത്തരവായിട്ടും ഇതുവരെയായി ധനസഹായം നൽകാത്തവരുടെ പേരും മേൽവിലാസവും അറിയിക്കാമോ? | (സി) കണ്ണൂർ ജില്ലയിൽ 14 സർക്കാർ ഉത്തരവുകളിലായി 94 പേർക്ക് ധന സഹായം നൽകാൻ ബാക്കിയുണ്ട്. ഇവർക്ക് ധന സഹായം വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ പേരും മേൽവിലാസവും കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ